(ബി) സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത് തൊഴിൽ വകുപ്പിൽ നിന്നല്ല.

സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം

169 (2378) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പ് വരുത്തിയിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ജീവനക്കാർക്ക് 5-11-2013-ലെ സ.ഉ (എം എസ്.) നമ്പർ 135/13/തൊഴിൽ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും, ആയത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഓൺലൈൻ മുഖേന നിരീക്ഷിക്കുന്നതിനും വേണ്ടി വേജ് പ്രോട്ടക്ഷൻ സിസ്റ്റത്തിന്റെ പൈലറ്റ് ഘട്ടം പൂർത്തിയാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്താനും ആയത് സ്ഥാപനത്തിൽ പോകാതെ പരിശോധിക്കുന്നതിനും, വേതനം കുറവാണെങ്കിൽ ഓൺലൈൻ മുഖേന സ്റ്റേറ്റ്മെന്റ് എടുത്ത് ഇൻസ്പെക്ടർമാർക്ക് നിയമനടപടികൾ സ്വീകരിക്കാനും ഇതിലൂടെ കഴിയുന്നതാണ്.

(ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു സ്വകാര്യ ആശുപത്രി വ്യവസായബന്ധസമിതി രൂപീകരിക്കുകയും ടി സമിതിയുടെ ശുപാർശ പ്രകാരമുള്ള മിനിമം വേതനം ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യുകയും ആയത് 2013

LIBRARY ARCHIVES Kerala Legislative Assembly

നവംബർ മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെയും ജില്ലാ ലേബർ ഓഫീസറുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ മിനിമം വേതനം നൽകുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് 2014 കാലയളവിൽ സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനകളിൽ നിന്നും മിനിമം വേതനം നൽകാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മേയ് വരെ നടത്തിയ പരിശോധനയിൽ 30 സ്ഥാപനങ്ങൾക്കെതിരെ 1,49,54,800 രൂപയുടെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും 9 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുതൽ അസിസ്റ്റന്റ് ലേബർ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അന്യസംസ്ഥാന തൊഴിലാളികൾ

170 (2379) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലുള്ള അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേർക്കാണ് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ ;

(ഡി) ഇത്തരം ക്യാമ്പുകളിൽ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടോ ?

ഉത്തരം

(എ & ബി) ഉണ്ട്. 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ ഇതുവരെ 3025 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ 1979-ലെ അന്യസംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly